## വാണിജ്യവിളകളുടെ തീരുവയും കർഷക താൽപ്പര്യങ്ങളും

*2 [439] ശ്രീ. എം. മുരളി:
ശ്രീമതി രാധാരാഘവൻ:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. എം. എ. വാഹീദ്:
,, പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കപ്പെടുന്ന വാണിജ്യ വിളകളായ കുരുമുളക്, ഏലം, ചുക്ക്, മഞ്ഞൾ മുതലായവ ഇന്ത്യയിലേക്ക് ഏതെല്ലാം രാജ്യങ്ങളിൽ നിന്ന് തീരുവ കൂടാതെ ഇറക്കുമതി ചെയ്യുവാനുള്ള അനുവാദമുണ്ട്;

(ബി) ഈ പഴുത് ഉപയോഗിച്ച് ശ്രീലങ്കയിൽ ഉൽപാദിപ്പിക്കപ്പെടുന്ന കുരുമുളകിനേക്കാൾ കൂടതൽ കുരുമുളക് ശ്രീലങ്കയിൽ നിന്ന് ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്യുന്നുണ്ടോ ;

(സി) ഇക്കാര്യം നിരീക്ഷിക്കാൻ ഏതെല്ലാം 'സംവിധാനങ്ങളുണ്ട്;

(ഡി) ശ്രീലങ്കയിൽനിന്നുള്ള ഇറക്കുമതി സംസ്ഥാനത്തെ കുരുമുളക് കൃഷിക്കാരുടെ താൽപര്യങ്ങളെ ബാധിക്കുമോ എന്ന് വിശദീകരിക്കുമോ;

(ഇ) ഏതെല്ലാം വിദേശ രാജ്യങ്ങളിൽനിന്ന് പ്രസ്തുത ഉൽപ്പന്നങ്ങൾ തീരുവയോടുകൂടി ഇറക്കുമതി ചെയ്യുന്നുണ്ട് എന്ന് വെളിപ്പെടുത്തുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): സർ,

(എ) സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കപ്പെടുന്ന കുരുമുളക്, ഏലം, ചുക്ക്, മഞ്ഞൾ മുതലായ കാർഷികോൽപ്പന്നങ്ങൾക്ക് തുല്യമായ കാർഷിക ഉല്പന്നങ്ങൾ ഇപ്പോൾ ശ്രീലങ്കയിൽനിന്നുമാണ് സ്വതന്ത്ര വ്യാപാര കരാറിന്റെ അടിസ്ഥാനത്തിൽ തീരുവ കൂടാതെ ഇറക്കുമതി ചെയ്തുവരുന്നത്.

(ബി) ശ്രീലങ്കയിൽ ഉൽപ്പാദിപ്പിക്കുന്ന കുരുമുളക് 12000 മെട്രിക് ടൺ ആയിട്ടാണ് കാണിച്ചിട്ടുള്ളത്. അവിടെ നിന്നും കയറ്റുമതി ചെയ്യുന്ന കുരുമുളകിന്റെ അളവ് 8000 ടൺ ആയിട്ട് കാണിക്കുന്നു. എന്നാൽ വെറും 4740 ടൺ മാത്രം 1999-ൽ ഉൽപ്പാദിപ്പിച്ച സ്ഥാനത്ത് 2002-ൽ 12600 ടൺ ആയി ഉല്പാദനം വർദ്ധിച്ചു എന്ന റിപ്പോർട്ട് കൂടുതൽ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ശ്രീലങ്കയിൽ നിന്നും ഇറക്കുമതി ചെയ്യുന്ന ഉൽപ്പന്നങ്ങളുടെ ഉറവിടം ആ രാജ്യത്ത് നിന്ന് തന്നെയാണെന്ന് ഉറപ്പുവരുത്തുന്നതിന് സർട്ടിഫിക്കറ്റ് ഓഫ് ഒറിജിൻ നിബന്ധന കർക്കശമാക്കണമെന്ന് സംസ്ഥാനം കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) ശ്രീലങ്കയിൽ നിന്നും തീരുവരഹിതമായി കുരുമുളക് ഇറക്കുമതി ചെയ്യുന്നത് സംസ്ഥാനത്തെ കുരുമുളക് കർഷകരെ ഏറെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. ശ്രീലങ്കയിൽ നിന്നും ഇറക്കുമതി ചെയ്യപ്പെടുന്ന കുരുമുളകിന്റെ അതിപ്രസരം സംസ്ഥാനത്തെ കുരുമുളകിന്റെ വിപണനത്തേയും വിലയേയും സാരമായി ബാധിച്ചിട്ടുണ്ട്.

(ഇ) ഇക്കാര്യം പരിശോധിക്കുന്നതിനുള്ള സംവിധാനം നിലവിലില്ല.

<u>ശ്രീ. എം. മുരളി:</u> സർ, ശ്രീലങ്കയെ മറയാക്കി ചില രാജ്യങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന ഈ തട്ടിപ്പുകാരണം കേരളത്തിലെ കുരുമുളക് കർഷകരും, ഏലം കർഷകരും, ചുക്ക്, മഞ്ഞൾ കർഷകരും ഇന്ന് ഗതികേടിലായിരിക്കുകയാണ്. സർട്ടിഫിക്കറ്റ് ഓഫ് ഒറിജിൻ ശ്രീലങ്കൻ ഗവൺമെന്റിനോട് ആവശ്യപ്പെടാൻ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട് എന്നുപറയുന്നതിൽ ഒരർത്ഥവുമില്ല. സാർക് രാജ്യങ്ങളുടെ വാണിജ്യ മന്ത്രിമാരുടെ കമ്മിറ്റിയിൽ ശ്രീലങ്കയെ മറയാക്കിക്കൊണ്ടു നടത്തുന്ന ഈ തട്ടിപ്പ് കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നതാണ്. ഈ സ്വതന്ത്ര വ്യാപാര കരാറിന്റെ അടിസ്ഥാനത്തിൽ തീരുവയില്ലാതെ ശ്രീലങ്കയിൽ ഉൽപ്പാദിപ്പിക്കുന്നതിനേക്കാൾ കൂടുതൽ കുരുമുളക് ഉൾപ്പെടെയുള്ള കേരളത്തിന്റെ നാണ്യവിളകൾ മറ്റു രാജ്യങ്ങളിൽ നിന്ന് ഇവിടെ ഇറക്കുമതി ചെയ്യുന്നത് അവസാനിപ്പിക്കാൻ സംസ്ഥാന ഗവൺമെന്റ് എന്തെല്ലാം നടപടി സ്വീകരിക്കും?

<u>ശ്രീമതി കെ. ആർ. ഗൗരിയമ്മ:</u> സർ, ഇറക്കുമതി നിർത്തലാക്കാൻ സംസ്ഥാന ഗവൺമെന്റിന് കഴിയില്ല. കയറ്റിറക്കുമതി കേന്ദ്ര സബ്ജക്ടാണ്. പക്ഷെ കുരുമുളകിന്റെ കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് തുടർച്ചയായി കേന്ദ്ര ഗവൺമെന്റിനെ അറിയിക്കുന്നുണ്ട്. ശ്രീലങ്കയിൽ നിന്ന് ഇറക്കുമതി ചെയ്യുന്നു എന്നുള്ള വ്യാജേനയാണ് ഇത്രയും കുരുമുളക് ഇവിടെ ഇറക്കുമതി ചെയ്യുന്നത്. അതിൽ ജിയോഗ്രഫിക്കൽ ഇൻഡിക്കേഷൻസ് Certificate of origin കാണിക്കത്തക്ക വിധത്തിൽ അതിനാവശ്യമായിട്ടുള്ള ഗുണപരിശോധന നടത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഇറക്കുമതി ചെയ്യുന്നത് കൊച്ചി പോർട്ട് മുഖാന്തിരം മാത്രമായിരിക്കണമെന്നും കേന്ദ്ര ഗവൺമെന്റ് മുൻ ഗവൺമെന്റിനോടും ഇപ്പോഴത്തെ ഗവൺമെന്റിനോടും ആവശ്യപ്പെട്ടിട്ടുണ്ട്. തുടർച്ചയായി ആവശ്യപ്പെടുന്ന സംഗതിയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. മുരളി: സർ, കുരുമുളകിന്റെ കാര്യത്തിൽ മാത്രമല്ല ഈ തട്ടിപ്പുകാരണം വില തകർച്ച ഉണ്ടായിരിക്കുന്നത്, ഏലത്തിന്റെയും ചുക്കിന്റെയും, മഞ്ഞളിന്റെയും ഉൾപ്പെടെയുള്ള നിരവധി നാണ്യവിളകളുടെ കാര്യത്തിൽ ഉണ്ട്. ഇതുമൂലം കേരളത്തിലെ നാണ്യവിളകൾ ഉൽപ്പാദിപ്പിക്കപ്പെടുന്ന കർഷകർക്ക് ഉണ്ടായിരിക്കുന്ന വിലത്തകർച്ചയിൽ നിന്നും കേരളത്തിലെ കർഷകരെ രക്ഷിക്കാൻ കുരുമുളകു സംഭരണം പോലെ മറ്റു നാണ്യവിളകളുടെ സംഭരണംകൂടി സംസ്ഥാന ഗവൺമെന്റ് മുൻകൈയെടുത്തുകൊണ്ട് നടത്തുമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: സർ, ഇത് രക്ഷപ്പെടുത്തുന്നതിനു വേണ്ടിയുള്ള നടപടി എന്നുള്ള നിലയിൽ കുരുമുളകു സംഭരണവും ഉണ്ട്. മറ്റു നാണ്യവിളകളായ അടയ്ക്ക സംഭരിക്കുന്നുണ്ട്, കാപ്പിക്ക് വേണ്ട സഹായങ്ങളും ചെയ്യുന്നുണ്ട്. ഒരു സംസ്ഥാന ഗവൺമെന്റ് മാർക്കറ്റ് ഇന്റർവെൻഷൻ പ്രകാരം ഇന്റെ ണൽ മാർക്കറ്റിൽ പിടിച്ചുനിൽക്കാനാണ് ഇതെല്ലാം ചെയ്യുന്നത്. അതെല്ലാം ഈ സംസ്ഥാന സർക്കാർ അതിന്റെ സാമ്പത്തിക പരിധിക്കുള്ളിൽ നിന്നും ചെയ്യുന്ന ചില അടിയന്തിര നടപടികളാണ്. സംസ്ഥാന സർക്കാർ ചെയ്യാവുന്നതൊക്കെ ചെയ്യുന്നുണ്ട്. കേന്ദ്ര ഗവൺമെന്റിനോട് സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെട്ടത് ഇറക്കുമതി നിയന്ത്രിതമായി വേണം എന്നാണ്. കൂടാതെ ഈ ഉൽപ്പന്നങ്ങൾ ആഡ്വാൻസ്ഡ് ലൈസൻസിൽ മറ്റു രാജ്യങ്ങളിൽ നിന്നും ഇറക്കുമതി ചെയ്തുകൊണ്ടിരുന്നത് നിർത്തലാക്കിയിട്ടുണ്ട്. കുരുമുളകിനെ സംബന്ധിച്ച് മറ്റു രാജ്യങ്ങൾക്ക് ഇൻഡ്യാ ഗവൺമെന്റും ശ്രീലങ്കൻ ഗവൺമെന്റും തമ്മിൽ ഉണ്ടാക്കിയ കരാറിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് ഇപ്പോൾ ഇംപോർട്ട് ഡ്യൂട്ടിയില്ലാതെ ഇറക്കുമതി നടത്തുന്നത്. അത് സാർക്ക് എഗ്രിമെന്റിന്റെ അടിസ്ഥാനത്തിലാണ്. ആ അടിസ്ഥാനത്തിൽ ഉണ്ടാക്കിയ കരാറിൽ കടന്നുകൂടിയിരിക്കുന്ന അവിടത്തെമാത്രം കാർഷികവിളകൾ കുരുമുളക് ഉൾപ്പെടെ സംസ്ഥാനത്ത് ഇറക്കുമതി ചെയ്യാൻ കരാറു ണ്ടാക്കിയത്. ഏതാണ്ട് 1999-ൽ 4780 ടൺ മാത്രം ഉൽപ്പാദനം ഉണ്ടായിരുന്നത് പെട്ടെന്ന് 2001-ൽ 12,500 ടണ്ണായി വർദ്ധിച്ചു എന്നുപറഞ്ഞാൽ സംശയം തോന്നും. ആ വിധത്തിൽ സംശയമുണ്ട്. ഇറക്കുമതി ചെയ്യുന്ന കുരുമുളകിന്റെ Certificate of orgin പരിപൂർണ്ണമായി നടത്താൻ കൊച്ചി പോർട്ടിൽ ഇറങ്ങിയാൽ സ്പൈസസ് ബോർഡിനെക്കൊണ്ട് അത് നടത്താൻ കഴിയും. അതുകൊണ്ടാണ് ഈ രണ്ടു കാര്യവും കേന്ദ്ര ഗവൺമെന്റ് നിർബന്ധമായും ഇറക്കുമതി നിയന്ത്രിച്ച് കൊച്ചി പോർട്ടിൽ മതിയെന്നു പറയുന്നത്.

ശ്രീമതി രാധാ രാഘവൻ: സർ, വാണിജ്യ വിളകളിൽ ഒന്നായ കുരുമുളക് സംസ്ഥാന സർക്കാർ മാർക്കറ്റിംഗ് ഫെഡറേഷനിൽക്കൂടി വയനാട് ജില്ലയിൽ നിന്ന് കുരുമുളക് സംഭരിച്ചപ്പോൾ ഓർഡറിൽ പറഞ്ഞിരിക്കുന്നത് 75 രൂപയാണ്. എന്നാൽ വ്യക്തികൾക്ക് കൊടുക്കുന്നത് മൂന്നു രൂപയും നാലു രൂപയും കുറച്ച് ആണ്. അത് അവർക്ക് 75 രൂപയാക്കി ഉയർത്തിക്കൊടുക്കാനും അതിൽ കൂടുതൽ ഒരു കിലോയ്ക്ക് 100 രൂപ, 180 രൂപയ്ക്ക് കുരുമുളക് എടുക്കാനുമുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരിയമ്മ: മാർക്കറ്റിംഗ് ഫെഡറേഷനെയാണ് കുരുമുളക് സംഭരിക്കുന്നതിന് ചുമതലപ്പെടുത്തിയിരിക്കുന്നത്. മാർക്കറ്റിംഗ് ഫെഡറേഷനോ അവർ സംഭരിക്കാൻ ഏർപ്പെടുത്തുന്ന മറ്റു സ്ഥാപനങ്ങളോ ഏതെങ്കിലും സ്ഥലത്ത് വില കുറച്ചെടുക്കുന്നുണ്ടോ എന്നുള്ളത് അന്വേഷിക്കാം, അന്വേഷിച്ച് ആ വിധത്തിലുള്ള നടപടി എടുക്കുന്നെങ്കിൽ അത് തിരുത്തി എടുപ്പിക്കാൻ നടപടിയെടുക്കാം.

ശ്രീമതി രാധാരാഘവൻ: സർ, കർഷകരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിന് നമ്മുടെ സംസ്ഥാനസർക്കാർ അൻപതിനായിരം രൂപ വരെയുള്ള കാർഷിക കടങ്ങളുടെ പലിശ എഴുതിത്തള്ളാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: അൻപതിനായിരം രൂപവരെയുള്ള കാർഷിക കടങ്ങളിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റികളിൽനിന്നെടുത്ത കടം കേരളത്തിൽ എല്ലാ സ്ഥലത്തും ഒരു കൊല്ലത്തേക്ക് വയനാട്ടിലും ഇളവു ചെയ്തിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിനോട് 2001 മുതൽ 2005 വരെയുള്ള കാർഷിക കടങ്ങളുടെ പലിശ ഏത് സ്ഥാപനത്തിൽ നിന്നെടുത്താലും ഇളവ് ചെയ്യണമെന്നുള്ള വിധത്തിൽ ആവശ്യപ്പെട്ടിരിക്കുകയാണ്. അവിടെ നിന്ന് കമ്മിറ്റി പരിശോധനയ്ക്കു വന്നപ്പോൾ അവരത് റെക്കമെന്റ് ചെയ്തിട്ടുണ്ടെന്നാണ് അറിയുന്നത്. എന്നാൽ കേന്ദ്ര ഫിനാൻസ് ഡിപ്പാർട്ടുമെന്റിൽ, ഇപ്പോഴും ആ സംഗതി കിടക്കുകയാണ്. അത് ഇതുവരെ പാസ്സാക്കിയിട്ടില്ല എന്നാണ് മനസ്സിലാക്കുന്നത്.

ശ്രീ. എം. എ. വാഹീദ്: സർ, വിളവെടുപ്പു കാലഘട്ടങ്ങളിൽ വാണിജ്യ വിളകൾക്ക് വിലയിടിയുന്ന ഒരു പ്രവണത കൃത്രിമമായി സൃഷ്ടിക്കുന്നു എന്നാണ് പറയുന്നത്. കർഷക താൽപ്പര്യം മുൻനിറുത്തി ഇതിൽനിന്നും കർഷകരെ രക്ഷിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: എല്ലാ സംഗതികളിലും ഇല്ല. ചില കാർഷിക ഉൽപ്പന്നങ്ങൾക്ക് ഇത് സംഭവിക്കുന്നുണ്ട്. സംഭവിക്കുന്ന സ്ഥലത്ത് ഗവൺമെന്റിന്റെ പരിമിതികൾക്കുള്ളിൽനിന്നുകൊണ്ട് ഈ ഗവൺമെന്റ് വന്നതിനുശേഷം മാർക്കറ്റ് ഇന്റർവെൻഷൻ നടത്തുന്നുണ്ട്. മാർക്കറ്റ് ഇന്റർവെൻഷനാണ് നമുക്ക് ചെയ്യുവാൻ കഴിയുന്നത്. അത് നടത്തുന്നുണ്ട്. അതാണ് ഞാൻ മുൻപുതന്നെ പറഞ്ഞത് ഇന്ന ഇന്ന നാണ്യവിളകൾക്ക് അല്ലാത്ത കാർഷിക വിളയായ നെല്ലിന് ഇന്ന് മാർക്കറ്റ് ഇന്റർവെൻഷൻ നടക്കുന്നുണ്ട്. കാപ്പിയുടെ കാര്യത്തിൽ 720 രൂപ രണ്ട് ഹെക്ടറിന് താഴെയുള്ള കൃഷിക്കാർക്ക് സഹായമായി കൊടുക്കുന്നു.

ശ്രീ. എം. എ. വാഹീദ്: സർ, ഏലത്തിന്റെ വില കഴിഞ്ഞ കാലഘട്ടങ്ങളേക്കാൾ കിലോക്ക് 300 രൂപ കുറയുകയുണ്ടായി. കർഷക താൽപ്പര്യം മുൻനിറുത്തി ഏലത്തിന്റെ വില പിടിച്ചുനിറുത്തുന്നതിന് എന്തെങ്കിലും പദ്ധതി കേരള സർക്കാർ ആവിഷ്കരിക്കുമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: സർ, ഏലത്തിന്റെ വില ഈ അടുത്ത കാലത്ത് കുറച്ചുകുറഞ്ഞിട്ടുണ്ട്. അത് പരിശോധിക്കാം. എന്തെങ്കിലും ചെയ്യാമോയെന്ന് നോക്കാം. പണത്തിന്റെ വളരെ ബുദ്ധിമുട്ട് ഉള്ളതുകൊണ്ടാണ്, ഇവിടെത്തന്നെ നെല്ലുസംഭരണത്തിനും മറ്റും കാലതാമസമുണ്ടായത്. പണമില്ലാതെ അവിടെനിന്നും ഇവിടെനിന്നുമെല്ലാം ഡൈവർട്ട് ചെയ്തും, റീ-അപ്രോപ്രിയേറ്റ് ചെയ്തും സപ്ലിമെന്ററി ഗ്രാന്റുമൊക്കെ പാസ്സാക്കിയുമാണ് ഇന്നത്തെ നിലയിൽ ഈ പരിപാടികൾ നടത്തുന്നത്.

ശ്രീ. പി. ടി. തോമസ്: സർ, കുരുമുളകു കൃഷിക്കാരെ സഹായിക്കാൻ മാർക്കറ്റിൽ ഇടപെടാനുള്ള ഗവൺമെന്റിന്റെ തീരുമാനമനുസരിച്ച് മാർക്കറ്റിംഗ് ഫെഡറേഷനെക്കൊണ്ട് കുരുമുളക് 3400 ടണ്ണോളം എടുപ്പിച്ചത് വളരെ ഉചിതമാണ്. അതിനെ കൃഷിക്കാർ സ്വാഗതം ചെയ്യുന്നുണ്ട്. പക്ഷെ കുരുമുളകിന് യഥാർത്ഥത്തിൽ വില കിട്ടണമെങ്കിൽ ഇവിടെ നേരത്തെ ചുണ്ടിക്കാണിച്ചതുപോലെ വിദേശ രാജ്യങ്ങളിൽനിന്നുള്ള കുരുമുളകിന്റെ ഇറക്കുമതി തടഞ്ഞെങ്കിൽ മാത്രമേ യഥാർത്ഥത്തിൽ കുരുമുളകു കൃഷിക്കാർക്ക് അതിന്റെ ഗുണം കിട്ടുകയുള്ളൂ. ഇതിനുവേണ്ടി നമ്മൾ ചർച്ചകൾ നടത്തി അതിനാവശ്യമായ നടപടി സ്വീകരിക്കുമോ? അങ്ങനെ സ്ഥിരമായി കുരുമുളകുകൃഷിക്കാരെ സഹായിക്കാനുള്ള ഒരു പദ്ധതിക്ക് രൂപം കൊടുക്കാൻ തയ്യാറാകുമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: ഞാൻ സാധാരണ യാത്ര ചെയ്യില്ലെങ്കിലും ഡൽഹിയിൽ പോയി പത്തുദിവസം താമസിച്ച് നമ്മുടെ കൃഷിക്കാരുടെ പ്രശ്നം എല്ലാ വകുപ്പുകളുമായി ചർച്ച ചെയ്തു. കുറേ വ്യത്യാസം വന്നിട്ടുണ്ട്. ഇപ്പോൾ കുരുമുളകിന്റെ റീപ്ലാന്റിംഗിന് കുറച്ചു പൈസ തന്നിട്ടുണ്ട്. കശുവണ്ടി റീ-പ്ലാന്റിംഗ് എന്നുപറയുന്ന പദ്ധതിക്കും കുറച്ചു പണം തന്നിട്ടുണ്ട്. ശ്രീലങ്കൻ ഗവൺമെന്റുമായുണ്ടാക്കിയ കരാർ റദ്ദാക്കണമെന്നാവശ്യപ്പെട്ടില്ല. എന്നാൽ ശ്രീലങ്കൻ കുരുമുളക് മാത്രമേ ഇറക്കുമതി ചെയ്യാവൂ എന്ന നിബന്ധന പാലിക്കാൻ നടപടിയെടുക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഇപ്പോഴും ആവശ്യപ്പെടുന്നുണ്ട്. കുറേ മാറ്റങ്ങൾ വന്നിട്ടുണ്ട്. പക്ഷെ ഇപ്പോൾ ഇവിടെ ഇറക്കുമതി ചെയ്യുന്നതായിട്ടുള്ള കുരുമുളക് ശ്രീലങ്കയിൽനിന്നും മറ്റു രാജ്യങ്ങളിൽനിന്നും ഉല്പാദിപ്പിക്കുന്നതാണെന്നു വിശ്വസിക്കുന്നു. അതുപോലെ ലോകത്ത് കുരുമുളക് ഉൽപ്പാദനം വർദ്ധിച്ചതിനാൽ നാം കയറ്റി അയച്ചിരുന്നത് 2002-03-ൽ നാൽപ്പതിനായിരത്തി എണ്ണൂറു ടൺ ആയിരുന്നുവെങ്കിൽ 2003-04-ൽ പതിനാറായിരത്തി എഴുന്നൂറ് ടൺ ആയി കുറഞ്ഞു. മറ്റു രാജ്യങ്ങളിൽ കുരുമുളക് കൂടുതൽ ഉൽപ്പാദിപ്പിക്കുന്നതുകൊണ്ടും അവർക്ക് കുറഞ്ഞ വിലയ്ക്ക് കൊടുക്കുവാൻ കഴിയുന്നതുകൊണ്ടുമാണ് ആ വിധത്തിൽ വരുന്നത്. അതുപോലെ ഈ അടുത്ത കാലത്താണ് ഏലത്തിന്റെ വിലകുറഞ്ഞിരിക്കുന്നത്. ഏലത്തിന്റെ വില കുറഞ്ഞതിനെ സംബന്ധിച്ച് എന്തൊക്കെ ചെയ്യാൻ കഴിയുമെന്നുള്ളത് ഗവൺമെന്റ് പരിശോധിക്കുന്നു. കേന്ദ്ര ഗവൺമെന്റ് അഡ്വാൻസ് ലൈസൻസിൽ നമ്മുടെ സമ്മർദ്ദത്തിന്റെ ഫലമായി മറ്റു രാജ്യങ്ങളിൽ നിന്ന് ഇമ്പോർട്ട് ഡ്യൂട്ടിയില്ലാതെ കുരുമുളക് ഇറക്കിയിരുന്നത് നിറുത്തലാക്കിയിട്ടുണ്ട്. ഡബ്ല്യു. ടി. ഒ.-യുടെ കാലത്തുണ്ടായ പ്രൊഡക്ടിവിറ്റി വർദ്ധനവും മാർക്കറ്റിൽ പിടിച്ചുനിൽക്കാനുള്ള ഉപകരണമാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ടി. തോമസ്: സർ, കുരുമുളകിനെ ബാധിച്ചിരിക്കുന്ന വിലത്തകർച്ച പോലെ തന്നെ ഈ അടുത്ത കാലത്ത് കേരളം മുഴുവൻ ഉണ്ടായ ഒരു വലിയ വിലത്തകർച്ചയാണ് വാനിലയ്ക്ക് ഉണ്ടായത്. കൊക്കോ കൃഷിക്കാർ പണ്ട് കൊക്കോ നട്ടുവളർത്തിയതുപോലെ ആവേശപൂർവം വാനിലകൃഷിയിലേക്ക് വന്ന കൃഷിക്കാർ മുഴുവൻ ഇന്ന് നിരാശയിലാണ്. ഇപ്പോൾ ഏറ്റവും പ്രധാനപ്പെട്ട കാര്യം വാനില സംരക്ഷിക്കാനുള്ള സംവിധാനമില്ലെന്നുള്ളതാണ്. അതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുമോ? വാനിലയിൽ നിന്ന് ഉൽപ്പാദിപ്പിക്കുന്ന വാനിലീയത്തിന് രാജ്യാന്തര മാർക്കറ്റിലും വിലയുണ്ട്. മെഡഗാസ്കർ അടക്കമുള്ള ലോകത്തിലെ പല രാജ്യങ്ങളിലും ആവശ്യത്തിനുള്ള വാനിലീയം കിട്ടാനില്ല എന്നുള്ള സാഹചര്യമുണ്ട്. ഇൻഡ്യയിലേക്ക് വരുന്നത് മുഴുവൻ കൃത്രിമമായ വാനിലീയമാണ്. ഈ സാഹചര്യത്തിൽ വാനിലകൃഷിയിൽ ഏർപ്പെട്ട കൃഷിക്കാരെ സഹായിക്കുന്നതിനുവേണ്ടി ഗവൺമെന്റ് ശക്തമായ നടപടി സ്വീകരിക്കുമോ? സംസ്ഥാനതലത്തിൽ വാനിലകൃഷിക്കാരുടെ യോഗം വിളിച്ചുകൂട്ടി സ്പൈസസ് ബോർഡുമായി ബന്ധപ്പെടുത്തി ഈ കാര്യത്തിൽ ഗൗരവകരമായ ഒരു സമീപനം സ്വീകരിക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: വാനില കൃഷിയെ സംബന്ധിച്ച് ഈ അടുത്ത കാലത്താണ് സംസ്ഥാന ഗവൺമെന്റ് ആലോചിക്കാൻ തുടങ്ങിയത്. അതിനുമുൻപ് വാനില കൃഷിക്ക് വേണ്ട സഹായധനങ്ങളോ കൃഷിരീതിയെ സംബന്ധിച്ചോ ഒന്നും ചെയ്തിരുന്നില്ല. നമ്മുടെ ബഡ്ജറ്റിൽ അതിനുള്ള സഹായങ്ങളും ഉൾക്കൊള്ളിച്ചിരുന്നില്ല. ആ കൃഷി പുതുതായി തുടങ്ങിയതാണ്. കേരളത്തിലെ കൃഷിക്കാരുടെ ഒരു പ്രത്യേകത എന്താണെന്നുവച്ചാൽ ആരെങ്കിലും കൃഷി ലാഭകരമാണെന്നു പറഞ്ഞാൽ ഉടനെ എല്ലാപേരുംകൂടി അതിലേക്ക് തിരിയുന്നു. ആ വിധത്തിൽ നമ്മുടെ വാനിലകൃഷിയിൽ ഏർപ്പെട്ടിട്ടുള്ള അനേകം കൃഷിക്കാരുണ്ട്. അവരുടേതായിട്ടുള്ള പ്രശ്നങ്ങൾ എന്താണെന്നു പരിശോധിക്കാം. അത് ഇന്നത്തെ നിലയിൽ പച്ചയോടെ വിറ്റാൽ അതിന്റെ വില കിട്ടുകയില്ലെന്നും അത് ഉണക്കി സൂക്ഷിച്ച് മറ്റുള്ള വിധത്തിൽ ആക്കണമെന്നുള്ള രീതിയിൽ പറഞ്ഞു തുടങ്ങിയിട്ടുണ്ട്. എതായാലും ഗവൺമെന്റ് അതിനെപ്പറ്റി പരിശോധിക്കാം. എന്തു ചെയ്യാമെന്നുള്ളത് നോക്കാം.

ശ്രീ. സി. കെ. നാണു: ഇറക്കുമതി ചെയ്യുന്നതിന്റെ ഫലമായി കേരളത്തിന്റെ കുരുമുളകിന് വില വളരെ കുറയുന്നു. ഇപ്പോൾ സാർക്ക് രാജ്യങ്ങളുടെ ധാരണയുടെ ഫലമായിട്ടാണെങ്കിൽ വടക്കേ ഇൻഡ്യയിലെ സംസ്ഥാനങ്ങൾ പലതും ഗോതമ്പും, അരിയും, പഞ്ചസാരയും കയറ്റിയയച്ച് ഈ സാർക്ക് ധാരണപ്രകാരം അവർക്ക് കൂടുതൽ പണം ലാഭിക്കാൻ സാധിക്കുമ്പോൾ നമുക്ക് വളരെയേറെ നഷ്ടമുണ്ടാകുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഒന്നുകിൽ കേരളത്തിൽ വിദേശത്തുനിന്ന് ഇറക്കുമതി ചെയ്യുന്നതിനെ നിയന്ത്രിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കാനും, അല്ലെങ്കിൽ കേരളത്തിലെ കുരുമുളകുകൃഷിക്കാർക്ക് ഉണ്ടാകുന്ന

നഷ്ടം പരിഹരിക്കാനും, ഈ ധാരണയുടെ ഫലമായി സംസ്ഥാനത്തെ കൃഷിക്കാർക്ക് മാത്രം ഉണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിന് സഹായകമായ രൂപത്തിൽ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഇൻഡ്യാ ഗവൺമെന്റിന്റെ മുൻപാകെ എത്തെല്ലാം നിവേദനങ്ങൾ നമ്മുടെ കൃഷിവകുപ്പ് നൽകിയിരിക്കുന്നു എന്നും അത് ഏതെല്ലാം രൂപത്തിലാണ് ഇൻഡ്യാ ഗവൺമെന്റ് പരിഹരിക്കുന്നതെന്നും വ്യക്തമാക്കാമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: അദ്ദേഹം പറഞ്ഞപ്പോൾ ഇറക്കുമതി ചെയ്യുന്നതിന് നമുക്ക് നടപടിയെടുക്കാമെന്ന് പറഞ്ഞു. ഭരണഘടന മാറ്റിയെഴുതാതെ അതൊന്നും സാധിക്കില്ല. അദ്ദേഹം മന്ത്രിയായിരുന്ന ആളല്ലേ, കേന്ദ്ര ഗവൺമെന്റാണ് ഇറക്കുമതി കാര്യത്തിൽ നടപടികൾ എടുക്കേണ്ടത്. സംസ്ഥാന ഗവൺമെന്റിനെ കൊണ്ട് കുരുമുളകിന്റെ കാര്യത്തിൽ എന്തൊക്കെ ചെയ്യാൻ പറ്റുമോ അതെല്ലാം ചെയ്യുന്നതാണ്. കുരുമുളകിന് രോഗം ബാധിച്ചതിനാൽ സംസ്ഥാന ഗവൺമെന്റിന്റെ സമ്മർദ്ദത്തിന്റെ ഫലമായി ഇപ്പോൾ റീപ്ലാന്റിംഗിന് കേന്ദ്രഗവൺമെന്റിൽ നിന്നും സബ്സിഡി തുച്ഛമാണെങ്കിലും അംഗീകരിച്ചു. റബ്ബറൊഴിച്ച് ബാക്കിയുള്ള നാണ്യവിളകളായ ഒരു കൃഷിക്കും കേന്ദ്ര ഗവൺമെന്റ് റീപ്ലാന്റിംഗിന് സബ്സിഡി അനുവദിച്ചിരുന്നില്ല. കേന്ദ്രം കുരുമുളകിനും കശുവണ്ടിക്കുമാണ് റീപ്ലാന്റിംഗ് സ്കീം അംഗീകരിച്ചത്. പ്രധാനമന്ത്രി ഇവിടെ വന്നപ്പോൾ പ്രഖ്യാപിച്ചതനുസരിച്ച് കുരുമുളകിന്റേയും കശുവണ്ടിയുടേയും റീപ്ലാന്റിംഗിന് കേന്ദ്ര ഗവൺമെന്റ് അനുവദിച്ച മുപ്പത് കോടി രൂപയുടെ സ്കീമിന് അംഗീകാരം കിട്ടി. ആദ്യ ഗഡുവായി പത്തുകോടി രൂപ തന്നിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഇടുക്കി, വയനാട്, കോഴിക്കോട് ജില്ലകളിൽ റീപ്ലാന്റിംഗിന് ആവശ്യമായ നടപടികൾ എടുത്തുതുടങ്ങി. അതിന്റേതായിട്ടുള്ള നടീൽവസ്തുക്കളും വളങ്ങളും കൊടുക്കാൻ വേണ്ട വിധത്തിലുള്ള നടപടികൾ എടുത്തുവരുകയാണ്. സാധനങ്ങൾ ഇറക്കുമതി ചെയ്യുന്നത് നിറുത്തിവയ്ക്കണം, അല്ലെങ്കിൽ അത് പരിശോധിക്കണം. ഒരു എഗ്രിമെന്റ് ഉണ്ടാക്കിക്കഴിഞ്ഞാൽ, അത് നിറുത്തിവയ്ക്കണമെന്നു കേന്ദ്ര ഗവൺമെന്റിനോട് പറഞ്ഞാൽ അവർക്ക് സാധ്യമല്ലാത്ത കാര്യമായിരിക്കും. കൃഷിക്കാരുടെ താൽപ്പര്യം വച്ചുകൊണ്ട് നടക്കാത്ത കാര്യം പറഞ്ഞിട്ട് വല്ല കാര്യവുമുണ്ടോ? നമ്മൾ അതുകൊണ്ട് നടക്കുന്ന കാര്യമാണ് പറഞ്ഞത്. ഇറക്കുമതി ഈ സംസ്ഥാനത്ത് കുറയ്ക്കണം. ശ്രീലങ്കയല്ലാത്ത മറ്റു രാജ്യങ്ങളിൽ നിന്ന് ഇറക്കുമതി നടത്തുന്ന ഉൽപ്പന്നങ്ങൾ ശ്രീലങ്കയിലേതാണോ എന്ന് സംശയമുണ്ട്. അതുകൊണ്ട് ഇറക്കുമതി നടത്തുന്ന കുരുമുളക് മുതലായവയ്ക്ക് സർട്ടിഫിക്കറ്റ് ഓഫ് ഒറിജിൻ വേണം. കൊച്ചി പോർട്ടിലേ ഇറക്കാവൂ. മറ്റു രാജ്യങ്ങളിൽ നിന്നിറക്കുന്നതിന് അഡ്വാൻസ് ലൈസൻസ് പാടില്ല. സെൻട്രൽ പോർട്ട് മറ്റു രാജ്യങ്ങളിൽനിന്നും ഇറക്കാൻ അഡ്വാൻസ് ലൈസൻസ് കൊടുത്തിരുന്നതു മാത്രം നിർത്തി വച്ചിട്ടുണ്ട്. 1999-ൽ 4760 ടൺ

LIBRARY ARCHIVES Kerala Legislative Assembly

കുരുമുളക് ഉൽപ്പാദിപ്പിച്ചിരുന്ന ശ്രീലങ്ക 2001 ആയപ്പോൾ അത് പന്തീരായിരത്തി അറുന്നൂറ് ടണ്ണായി വർദ്ധിപ്പിച്ചു. എന്നുപറഞ്ഞാൽ എണ്ണായിരത്തോളം ടൺ കുരുമുളകാണ് ഇന്ത്യയിലേക്ക് ഇറക്കുമതി നടത്തിയത്. നമ്മൾ ഇവിടെനിന്ന് മുൻപ് കയറ്റുമതി ചെയ്തതിനേക്കാൾ കൂടുതൽ നമുക്ക് കയറ്റുമതി ചെയ്യാൻ പറ്റുന്നില്ല. കയറ്റുമതി കുറഞ്ഞു. മറ്റു രാജ്യങ്ങളിൽ കുരുമുളക് ഉൽപ്പാദനം കൂടിയതാണ് കാരണം. ഇവിടത്തെ കയറ്റുമതി കുറയുന്നു. ഇവിടെ കുരുമുളകിന് രോഗം മൂലം ഉൽപ്പാദനം കുറയുന്നു. കൃഷിക്കാരന് ചെലവു കൂടുന്നു. അവർ വലിയ ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. ഡ്രൗട്ട് വന്നപ്പോൾ ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ചെയ്തിട്ടുണ്ട്. റീപ്ലാന്റിംഗിന് സബ്സിഡിക്കുള്ള നടപടിക്രമങ്ങൾ ചെയ്തിട്ടുണ്ട്. ഇറക്കുമതി നിയന്ത്രിക്കുന്നതിന് ജിയോഗ്രഫിക്കൽ ഇൻഡിക്കേഷൻ പരിശോധിച്ച് മാത്രമേ ഇറക്കുമതി ചെയ്യാവൂ എന്നും കൊച്ചിൻ പോർട്ടിൽകൂടി മാത്രമേ ഇറക്കുമതി ചെയ്യാവൂ എന്നും കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആ വിധത്തിലുള്ള നടപടികളാണ് ആവശ്യപ്പെട്ടിട്ടുള്ളത്. എഗ്രിമെന്റ് ക്യാൻസൽ ചെയ്യണമെന്ന് ആവശ്യപ്പെട്ടിട്ടില്ല.

<u>ശ്രീ. ഷിബു ബേബിജോൺ:</u> ആഗോളവൽക്കരണം യാഥാർത്ഥ്യമായ സ്ഥിതിക്ക് ലോകവ്യാപാരക്കരാറിൽ ഇൻഡ്യ ഒപ്പിട്ടിരിക്കുന്ന സ്ഥിതിക്കും ഇംപോർട്ട് നമുക്ക് റസ്ട്രിക്റ്റ് ചെയ്യാൻ സാധിക്കില്ല. നമ്മുടെ ഉൽപ്പന്നങ്ങൾക്ക് മൽസരിക്കാനുള്ള പ്രാപ്തി നേടാൻ, ഈ മൽസരത്തെ അതിജീവിക്കാനുള്ള എന്തെല്ലാം നടപടികളാണ് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടായിരിക്കുന്നത്?

<u>ശ്രീമതി കെ. ആർ. ഗൗരിയമ്മ:</u> കേരളം മറ്റു സംസ്ഥാനങ്ങളിൽ നിന്ന് വിഭിന്നമായിട്ടുള്ള രീതിയിൽ നാണ്യവിളകൾ ഉൽപ്പാദിപ്പിക്കുന്ന സംസ്ഥാനമാണ്. മറ്റ് ദീർഘകാല വിളകൾ അല്ലാത്ത ഹ്രസ്വകാലവിളകൾ ഉണ്ടാകുന്ന സംസ്ഥാനത്തിന്റെ കൃഷിസമ്പ്രദായം വ്യത്യസ്തമാണ്. വ്യത്യസ്ത രീതിയിൽത്തന്നെ അത് കൈകാര്യം ചെയ്യണം. അതിന് വേണ്ടിയിട്ടുള്ള നടപടികൾക്ക് പ്രത്യേകമായിട്ടുള്ള ധനസഹായവും മറ്റും ഞങ്ങൾ ആവശ്യപ്പെട്ടു. കുറച്ച് അവർ അംഗീകരിച്ചിട്ടുള്ളതായിട്ടാണ് മനസ്സിലാക്കുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ ബഡ്ജറ്റ് പ്രസംഗത്തിലും അതാണ് കാണുന്നത്. ഏതായാലും ഗവൺമെന്റ് കാണുന്നതായിട്ടുള്ള പ്രത്യേക രീതി, വില കുറയുമ്പോൾ മാർക്കറ്റ് ഇന്റർവെൻഷൻ, പ്രൊഡക്റ്റിവിറ്റി വർദ്ധിപ്പിക്കൽ, ഇതൊക്കെ സംസ്ഥാനഗവൺമെന്റ് ചെയ്യാനുള്ളത് ചെയ്യുകയും കേന്ദ്ര ഗവൺമെന്റിനെക്കൊണ്ട് ചെയ്യിക്കാവുന്നത് ചെയ്യിക്കാൻ വേണ്ടിയിട്ടുള്ള നടപടി ക്രമങ്ങളും മറ്റ് സഹായങ്ങളും തരുന്നതിന് വേണ്ടിയിട്ടുള്ള നടപടികളും ഇറക്കുമതി കുറയ്ക്കുന്നതിന് ആവശ്യമായ നടപടികളും എടുത്തുവരുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു)



LIBRARY ARCHIVES Kerala Legislative Assembly